# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3532 12.05.2017-ൽ മറുപടിയ്ക്ക്**

## മത്സ്യമേഖലയുടെയും തീരദേശത്തിന്റെയും സമഗ്ര വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ..എൻ. ഷംസീർ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.എം. നൗഷാദ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യമേഖലയുടെയും തീരദേശത്തിന്റെയും സമഗ്ര വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | എ) മത്സ്യമേഖലയുടെയും തീരദേശത്തിന്റെയും സമഗ്ര വികസനത്തിനായി ഈ സർക്കാർ ഫിഷറീസ് വകുപ്പ് മുഖേനയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br><br>**ഫിഷറീസ് വകുപ്പ്**<br><br>1. ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി.<br>2. കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി.<br>3. മെഡിക്കൽ ക്യാമ്പ്.<br>4. അക്ഷരസാഗരം<br>5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.<br>6. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ.<br>7. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.<br>8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.<br>9. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.<br>10. മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി. |

11. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.

12. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി.

13. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.

14. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.

15. കടലിൽ മത്സ്യ കൂട് കൃഷി.

16. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

17. മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

1. നിലവിൽ പുരോഗമിച്ച് വരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പൂർത്തീകരണം
2. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാംഘട്ട/മൂന്നാംഘട്ട വികസനം
3. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്ന പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം.
4. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഡ്രഡ്ജിംഗും പ്രധാന അറ്റകുറ്റപണികളും.
5. നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ.
6. തീരദേശ മേഖലയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം.

| | |
|---|---|
| ബി) കടൽത്തീരത്തു നിന്നും 50 മീറ്റർ ദൂരത്തിനുള്ളിൽ അതീവ അപകട മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) കടലോരത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന വരെ പുനരധിവസിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവ ശേഷി വികസനവും എന്നതിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന ഭവന പദ്ധതിയിൽ, ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 700 ലക്ഷം രൂപയും 750 |

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായത്തിനായി 7500 ലക്ഷം രൂപയും വകയിരുത്തിയിട്ടു ണ്ട്.

| | |
|---|---|
| സി) മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം നിലവിൽ എത്ര രൂപയാണ് ഒരു കുടുംബത്തിന് നൽകുന്നത്; പ്രസ്തുത തുക അർഹരായ എല്ലാവർക്കും യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി) മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് നിലവിൽ 4500/- രൂപയാണ് നൽകുന്നത്; കടലോര മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും മൂന്ന് തുല്യ ഗഡുക്കളായി തുക അനുവദിച്ചു വരുന്നു. 2017-18 ബഡ്ജറ്റിൽ പദ്ധതിയ്ക്കായി 2060 ലക്ഷം രൂപ വകയിരുത്തിയിട്ടു ണ്ട്. സമാശ്വാസ പദ്ധതിയിൽ 1,93,693 പേർ അംഗങ്ങളായിട്ടു ണ്ട്. പദ്ധതി നടപ്പിലാക്കുന്ന തിനായി 58.11 കോടി രൂപ ആവശ്യമായി വരും. അധികം ആവശ്യമായ തുക അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതി നുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; മത്സ്യ അനുബന്ധ തൊഴിലാളികൾക്കും മത്സ്യബന്ധനോപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി) ഉ ണ്ട്. മത്സ്യത്തൊഴിലാളി / അനുബന്ധ ത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട് . ആയത് 2017 ഡിസംബർ 17 മുതൽ നിലവിൽ വരും. ക്ഷേമനിധി അംഗത്വമുള്ള അനുബന്ധ മത്സ്യത്തൊഴിലാളികളിൽ നിന്നും പ്രത്യേകം പ്രീമിയം തുകയൊന്നും ഈടാക്കാതെ തന്നെ അവർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം നൽകുന്നു ണ്ട്.<br><br>ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരമ്പരാഗത മത്സ്യ ബന്ധനയാനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തു ന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ് . പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

Sreekala T.P

**സെക്ഷൻ ആഫീസർ**